പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 188 — 26.03.2013-ൽ മറുപടിയ്ക്ക്

# വൈദ്യുതി വിതരണ ശൃംഖലയുടെ ശാക്തീകരണം

ചോദ്യം

ശ്രീ. കെ. അച്ചുതൻ :
ശ്രീ. ബെന്നി ബഹനാൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തെ വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കെ. എസ്. ഇ. ബി ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മ പരിപാടികൾ എന്തെല്ലാം ; വിശദാംശം അറിയിക്കുമോ ;

(എ) ഊർജ്ജ നഷ്ടം കുറച്ച്, ഗുണനിലവാരമുള്ള വൈദ്യുതി വിതരണം ഉറപ്പ് വരുത്തി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിലേക്കായി കെ. എസ്. ഇ. ബി ഹ്രസ്വകാലാടിസ്ഥാനത്തിലും, ദീർഘകാലാടിസ്ഥാനത്തിലും, ധാരാളം പദ്ധതികൾ നടപ്പിലാക്കി വരുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഇതിലേക്കായി 3,197.3 കോടി രൂപയും അടുത്ത സാമ്പത്തിക വർഷത്തിൽ 800 കോടി രൂപയും വകകൊള്ളിച്ചിട്ടുണ്ട്.

കൂടാതെ, സംസ്ഥാനത്തെ വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 3430 കിലോമീറ്റർ 11 കെ. വി ലൈൻ നിർമ്മിക്കുവാനും 4400 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനും 5255 സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുവാനും, എച്ച്.റ്റി/എൽ.റ്റി വിഭാഗത്തിലായി 6750 കിലോമീറ്റർ കണ്ടക്ടറുകളുടെ ശേഷി വർദ്ധിപ്പിക്കുവാനുമുള്ള പ്രവൃത്തികൾ 2013-14 വർഷത്തെ വാർഷിക പദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

(ബി) വിവിധ തരത്തിലുള്ള എത്ര സബ്സ്റ്റേഷനുകളാണ് പ്രസ്തുത ആവശ്യത്തിലേക്കായി സ്ഥാപിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി പ്രസരണ മേഖലയിൽ നിലവിൽ താഴെപ്പറയുന്ന സബ്സ്റ്റേഷനുകളുണ്ട്.

| | |
|---|---|
| 400 കെ. വി | 1 എണ്ണം |
| 220 കെ. വി | 17 എണ്ണം |
| 110 കെ. വി | 132 എണ്ണം |
| 66 കെ. വി | 81 എണ്ണം |
| 33 കെ. വി | 126 എണ്ണം |

ഇതിൽ മൂന്ന് 66 കെ. വി, ജി. ഐ. എസ് സബ് സ്റ്റേഷനുകളും ഒരു ഇൻഡോർ സബ് സ്റ്റേഷനും ഉൾപ്പെടുന്നു. ബാലരാമപുരത്ത് ഒരു 66 കെ. വി സബ്സ്റ്റേഷനും, കണ്ണനല്ലൂരും പേയാട്ടും ഓരോ 33 കെ. വി സബ്സ്റ്റേഷനുകളും ഉടനെ കമ്മീഷൻ ചെയ്യും. ഇതു കൂടാതെ, താഴെ പറയുന്ന പ്രകാരം സബ്സ്റ്റേഷനുകൾ 2013-14 -ൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

| | |
|---|---|
| 220 കെ. വി | 2 എണ്ണം |
| 110 കെ. വി | 11 എണ്ണം |
| 66 കെ. വി | 3 എണ്ണം |
| 33 കെ. വി | 10 എണ്ണം |

ഇതിനുപുറമേ, ദീർഘകാലാടിസ്ഥാനത്തിൽ വിവിധ സബ്സ്റ്റേഷനുകൾ ഭാവിവികസനങ്ങൾ കണക്കിലെടുത്ത് കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) സബ്സ്റ്റേഷനുകളോടനുബന്ധിച്ചുള്ള ലൈനുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

(സി) മേൽപ്പറഞ്ഞ 2013-14-ൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്ന സബ്സ്റ്റേഷനുകളുടെ അനുബന്ധ ലൈനുകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ.**